തദ്ദേശ സ്വയം ഭരണ വകുപ്പ്
കണ്ണൂർ.

IVO /1 6/2023
Date: 01/12/2023

പ്രേഷിതൻ

അനിൽകുമാർ.പി
ഇൻറേണൽ വിജിലൻസ് ഓഫീസർ
തദ്ദേശ സ്വയം ഭരണ വകുപ്പ്
കണ്ണൂർ.

സ്വീകർത്താവ്

പുതിയ വീട്ടിൽ ജനാർദ്ദനൻ
ശ്രീനിവസ് മാണിയേരി
കൊതേരി.പി.ഒ.മട്ടന്നൂർ.

സർ,

വിഷയം : ബിൽഡിംഗ് പെർമിറ്റ് കൈമാറ്റം ചെയ്ത് നൽകാത്തത് - സംബന്ധിച്ച്.

സൂചന : സ്ഥിര അദാലത്ത് സമിതിയിൽ താങ്കൾ സമർപ്പിച്ച പരാതി.

കീഴല്ലൂർ ഗ്രാമ പഞ്ചായത്തിൽ നിന്ന് കീഴല്ലൂർ വില്ലേജിൽ റി.സ നമ്പർ 16/1 ൽ പ്പെട്ട 0.0803 ഹെക്ടർ സ്ഥലത്ത് GF-178.61 $m^2$ , FF-121.62 $m^2$, Porch-18.99 $m^2$ ആകെ 319.22 $m^2$ തറ വിസ്തീർണ്ണത്തിൽ റസിഡൻഷ്യൽ കെട്ടിടം നിർമ്മിക്കുന്നതിനായി ശ്രീ. കോട്ടത്ത് വളപ്പിൽ കൃഷ്ണൻ എന്നവർക്ക് 03-08-2015 ന് BP-103/15-16 നമ്പർ പ്രകാരം 03/08/2015 മുതൽ 02/08/2018 വരെ പെർമിറ്റ് അനുവദിച്ചതായി കാണുന്നു. 02/08/2018 ന് പെർമിറ്റ് കാലാവധി പൂർത്തിയായതിനാൽ 20-01-2022 ന് ശ്രീ.കോട്ടത്ത് വളപ്പിൽ കൃഷ്ണൻ എന്നവർക്ക് പെർമിറ്റിൻറെ കാലാവധി 02-08-2024 വരെ ദീർഘിപ്പിച്ച് നൽകിയതായി പഞ്ചായത്ത് രേഖകൾ പ്രകാരം കാണുന്നു .

27-01-2022 ശ്രീ. കോട്ടത്ത് വളപ്പിൽ കൃഷ്ണൻ എന്നവരിൽ നിന്നും താങ്കൾ ( കീഴല്ലൂർ വില്ലേജ് റി.സ 16/1 ൽ പ്പെട്ടതും) (16/128) 0.0792 ഹെക്ടർ സ്ഥലവും വീടും കൈമാറ്റം ചെയ്ത് വാങ്ങിയതായി കാണുന്നു. ടി സ്ഥലവും പെർമിറ്റും താങ്കളുടെ പേരിലേക്ക് കൈമാറ്റം ചെയ്ത് ലഭിക്കുന്നതിനായി 22-08-2023 ന് കീഴല്ലൂർ പഞ്ചായത്തിൽ നൽകിയ അപേക്ഷ പെർമിറ്റിൽ മുൻകൂർ അനുമതി വാങ്ങാതെ നിർമ്മാണം ആരംഭിച്ചതിനാലും നേരത്തെയുള്ള പെർമിറ്റ് പ്രകാരമുള്ള സ്ഥല വിസ്തീർണത്തിൽ കുറവ് വന്നതിനാലും KPBR 2019 Rule 19(1). 19(5) പ്രകാരം പെർമിറ്റ് താങ്കളുടെ പേരിലേക്ക് മാറ്റി നൽകാൻ സാധിക്കുന്നതല്ല എന്ന് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിരുന്നു.

താങ്കളുടെ പരാതി സ്ഥിരം അദാലത്ത് ജില്ലാ തല ഉപസമിതി പരിശോധിക്കുകയും 30-11-2023 ന് പഞ്ചായത്ത് സെക്രട്ടറി, ഓവർസിയർ എന്നിവരോടൊപ്പം ഉപസമിതി അംഗങ്ങൾ താങ്കളുടെ സാനിധ്യത്തിൽ സ്ഥല സന്ദർശനം നടത്തുകയും ചെയ്തു.

പ്രസ്തുത കെട്ടിടത്തിന് പെർമിറ്റ് അനുവദിക്കുമ്പോൾ ശ്രീ. കോട്ടത്ത് വളപ്പിൽ കൃഷ്ണൻ എന്നവരുടെ 16/128ൽ പ്പെട്ട ( റി.സ 16/1 ) സ്ഥലത്തിൻറെ വിസ്തൃതി 0.0809 ഹെക്ടറിൽ, 22/08/2023

ന് താങ്കൾ പെർമിറ്റ് കൈമാറ്റം ചെയ്ത് പുതുക്കുവാൻ സമർപ്പിച്ച അപേക്ഷയിൽ 0.0792 ഹെക്ടർ വിസ്തീർണ്ണം മാത്രമേ സ്ഥലത്തിന് രേഖകൾ പ്രകാരം കാണാൻ സാധിക്കുന്നുള്ളു.

അംഗീകരിച്ച പെർമിറ്റിൽ നിന്നും ഗ്രൗണ്ട് ഫ്ളോറിലും ഫസ്റ്റ് ഫ്ളോറിലും ചില മാറ്റങ്ങൾ (ALTERATION) വരുത്തിയതായും ടി കാര്യം ശരിയാണെന്ന് പരിശോധന സമിതിയെ താങ്കൾ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

അനുവദിച്ച പെർമിറ്റിൽ നിന്നും അധിക വിസ്തീർണ്ണത്തിൽ നിർമ്മാണം നടത്തിയതിനാലും അംഗീകൃത ഡ്രോയിംഗിൽ മാറ്റം വരുത്തി നിർമ്മാണം പൂർത്തിയാക്കിയതിനാലും , നേരത്തെ ഒരാളുടെ പേരിൽ അനുവദിച്ച പെർമിറ്റിൽ ഉൾപ്പെട്ട സ്ഥലം വാങ്ങിയതിന് ശേഷം നിർമ്മാണം തുടരാൻ പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും അനുമതി വാങ്ങാത്തതിനാലും, പെർമിറ്റ് അനുവദിക്കുമ്പോൾ ഉണ്ടായിരുന്ന സ്ഥല വിസ്തൃതിയിൽ നിലവിൽ സമർപ്പിച്ച രേഖകൾ പ്രകാരം കുറവ് സ്ഥലം രേഖപ്പെടുത്തിയതിനാലും KPBR 2019 Rule 19(1). 19(5) എന്നിവയുടെ ലംഘനമായതിനാൽ കെട്ടിട നമ്പർ അനുവദിച്ച് കിട്ടുന്നതിനായി ക്രമവൽകരണ അപേക്ഷ താങ്കൾക്ക് കീഴല്ലൂർ ഗ്രാമ പഞ്ചായത്തിൽ സമർപ്പിക്കാവുന്നതാണ് എന്ന വിവരം അറിയിക്കുന്നു.

വിശ്വസ്തതയോടെ

അനിൽകുമാർ.പി
ഇൻറേണൽ വിജിലൻസ് ഓഫീസർ
എൽഎസ്ജിഡി
കണ്ണൂർ.